## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 664.**      **13.07. 2012-ൽ മറുപടിയ്ക്ക്**

## ആംബുലൻസ് സൗകര്യമുള്ള ആശുപത്രികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ഹൈബി ഈഡൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതെല്ലാം തരം ആശുപത്രികൾക്കാണ് ആംബുലൻസ് സംവിധാനമുള്ളത്; | (എ) | ആരോഗ്യ വകുപ്പിൻ കീഴിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജാശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മാതൃശിശു ആശുപത്രികൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ആംബുലൻസ് സൗകര്യം നിലവിലുണ്ട്. ചില സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ചില പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയോ, ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ വഴിയോ ആംബുലൻസ് സേവനം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | പ്രസവ ചികിത്സ നടത്തുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും ആംബുലൻസ് നൽകുന്നകാര്യം പരിഗണനയിലുണ്ടോ; | (ബി) | നിലവിൽ പ്രസവ ചികിത്സ നടത്തുന്ന എല്ലാ സർക്കാർ ആശുപത്രികൾക്കും ആംബുലൻസ് സൗകര്യം ഇപ്പോൾ തന്നെ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം | (സി) | ജനനി ശിശു സുരക്ഷാ കാര്യക്രമം |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | | പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ പ്രസവം നടത്തുന്നതിന് തയ്യാറാകുന്ന ഗർഭിണികളെ വീടുകളിൽ നിന്നും ആശുപത്രികളിലേക്കും തിരികെ പ്രസവത്തിനു ശേഷം വീടുകളിലേയ്ക്കും കൊണ്ടുപോകുന്നതിന് ഒരു പദ്ധതി നടപ്പിലാക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനാവശ്യമായ സാമ്പത്തിക സഹായം എൻ. ആർ. എച്ച്. എം. വഴി ലഭ്യമാക്കുന്നതാണ്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**